# M.M.H.S.S
## NILAMEL

# ഇ-വിസ്മയലോകം

## 2023-2024




# MMHSS NILAMEL

# **Drawings**



THANYMAYA
8C

SWETHA S L
8C





RIDHA NAVAS
Std VIII C

NOUFAL
Std VIII C





MUHAMMAD EHAN R
8C



ANSIYA FATHIMA
8C

# മലയാളം പ്രചോദനാത്മക ഉദ്ധരണികൾ

Adhinadh.S.Shaiju

1. "ആഗ്രഹങ്ങൾ ഒരു വഴിക്ക്.
യാഥാർഥ്യങ്ങൾ മറുവഴിക്ക്.
ഞാനോ പെരുവഴിയിൽ..."
-ബിൻസ്റ്റ്മാലോൾ

2. "തിരിച്ച് സ്നേഹിക്കില്ല എന്നറിഞ്ഞിട്ടും നീണ്ടു നിന്നേക്കില്ല എന്നറിഞ്ഞിട്ടും പിന്നേയും സ്നേഹിക്കാൻ പറ്റുന്നതാണ് 'സ്നേഹം' എന്ന വാക്കിനെ അത്ഭുതമാക്കുന്നത്."
-ജോസഫ് അന്നംകുട്ടി ജോസ്,

3. "ഒരാളുടെ സേവനങ്ങൾക്ക് മറ്റൊരാൾ നൽകുന്ന പ്രതിഫലമല്ല സ്നേഹം. അത് ഒരാൾ മറ്റേയാളിൽ കണ്ടെത്തുന്ന പൂർണതയാണ്"
-കെ ആർ മീര

4. "വിച്ഛേദിക്കപ്പെടുമ്പോൾ ബന്ധങ്ങളിൽ നിന്ന് ഒരിക്കലും തിരിച്ചെടുക്കാൻ പറ്റാത്ത ഊർജ്ജമാണ് ആവിയായി പോകുന്നത്.."
-കെ പി രാമനുണ്ണി

5. "ജീവിതത്തിന്റെ കാലവും പരിസരവും മാറുന്നതിനനുസരിച്ച് പുതിയ ബന്ധങ്ങളുണ്ടാകുന്നു. പുതിയ സൗഹൃദങ്ങൾ ഉണ്ടാവുന്നു. അപ്പോൾ പഴയവ നമുക്ക് അന്യമാകുന്നു. അവയെ നാം പടംപൊഴിച്ച് കളയുന്നു..."
- ബെന്യാമിൻ,

6. "ശത്രുവിനെ സൃഷ്ടിക്കാതെ സ്നേഹം സൃഷ്ടിക്കുന്ന കലയാണ് മാനവികത"
- പി.എസ്. ജഗദീഷ് കുമാർ

# മരണമേ, വിട

മരണമേ, നിന്നെ ഞാനലിയിക്കും, കണ്ണീരി-
ലലിയിച്ചീ മിഴി വഴി ഉത്തെറിയും.
കൊള്ളില്ല നിന്നെ ഞാനൊരുനാളുമെങ്കിലും
കൊളള്ളുവോരോടു വെറുപ്പുമില്ല

വെറുക്കാൻ കഴിയുവതെങ്ങനെ? കാലത്തിൽ
വക്ഷോജം വറ്റിക്കരികയല്ലേ!
ആശകൾ നല്കുവാനാശിച്ചു ചെന്നാലും
നലികുവാനാശ എനിക്കു വേണ്ടേ?

കഞ്ഞിവെള്ളം തന്നെ ഇല്ല കുടിക്കുവാൻ
സ്വപ്നങ്ങൾ മാത്രമേ ബാക്കിയുള്ളൂ.
തീർക്കാൻ കടപ്പാടു കൂടുന്നു കുന്നുപോ-
ലിക്കാലം തീർക്കുവതെങ്ങനെ ഞാൻ?

വേലകൾ ചെയ്കിലും ചെയ്തു തളരിലും
വേർപ്പു മാത്രം ബാക്കിയല്ലാ, തില്ല
പണ്ടു ദരിദ്രൻ കത്തേഞ്ഞിയെ നിർഭയം
കുന്നണ്ടെടുത്തു ധനിക വർഗം.

ഇന്നു ദരിദ്രന്റെ കഞ്ഞിയെ നിർഭയം
ബൗദ്ധിക വർഗം കട്ടെടുക്കുന്നു.
ധർമ്മ തത്വങ്ങളോ മരിക്കുന്നു മാനവ
ധർമ്മജ്ഞർ തൻ ക്രൂര ഹസ്നങ്ങളിൽ

# പുഴ കണ്ട കാഴ്ചകൾ

ഒഴുകി തിമിർക്കുന്ന അളകനന്ദ
ഒഴുകി ഒഴുകി തിമിർക്കുന്ന അളകനന്ദ
ചുറ്റും കാണുന്ന കാഴ്ചകളുമായി...
ദുഃഖവും ആമോദവും ചേർന്നലിയുന്ന കാഴ്ചകൾ
ഇത് തീർത്തും വിചിത്രമായ കാഴ്ചകളുമായി...
കള കള ശബ്ദത്താൽ ഒഴുകുന്ന ഓളങ്ങൾ
വിസ്മരിച്ചങ്ങനെ നിന്നുപോയി......
പച്ച പിടിച്ചിരുന്ന ഈ ഭൂമി ഇന്നിതാ
ഉണങ്ങി കരിഞ്ഞു നിന്നീടുന്നു....
ഒരുപാട് വർഷങ്ങൾ കടന്നുപോയി
എന്നതിന്റെ സൂചനയായി.....
ഒഴുകുന്ന പുഴകൾക്ക് വിശ്വസിക്കാനാവാതെ
കടന്നു പോകുന്ന ഈ കാഴ്ചകൾ
ചുറ്റും പച്ചപ്പിൻ തുള്ളിപോലില്ലാതെ അതാ
-ഉണങ്ങി നില്കുന്ന വൃക്ഷങ്ങൾ
വറ്റി വരണ്ട ഭൂമിയിൽ അവശിഷ്ടമായി
നിൽക്കുന്ന ഒരു പുല്ലു മാത്രം ......
ഭൂമിക്കിതു എന്ത് പറ്റി എന്ന ചോദ്യം
പുഴയോളങ്ങൾ ചോദിക്കുന്നു ......
മനുഷ്യന്റെ ഈ സ്വാർത്ഥ സ്വഭാവം ദൃക്സാക്ഷിയായി
കണ്ടു മടങ്ങുന്നു പുഴയോളങ്ങൾ....
സങ്കടം നൽകുന്ന ഈ കാഴ്ചക്ക് പിന്നിലും
ആമോദത്തിൻ അംശവുമായി നില്കുന്ന ഒരു കാഴ്ച മാത്രം
ഒരു കൊച്ചു കുട്ടി തൻ ചെടിയെ സംരക്ഷിക്കുന്നു
ദാഹ ജലം അർപ്പിച്ചു കൊണ്ട്.....
അത് മാത്രമല്ല മറ്റൊരിടത്തു വേറെ ഒരു കുട്ടി
മോചിപ്പിക്കുന്നു തൻ കിളികളെ....
പ്രകൃതിയുടെ സൗന്ദര്യം ഓർമിപ്പിച്ചു കൊണ്ട്
പാടുന്നു കിളികൾ മധുരമായി ...
ഈ കാഴ്ചകൾ കാണുമ്പോൾ പുഴ തൻ
ഹൃദയത്തിൽ നിറയുന്നു സന്തോഷവും
ഒഴുകി ഒഴുകി തിമിർക്കുന്ന അളകനന്ദ
ചുറ്റും കാണുന്ന കാഴ്ചകളുമായി....
എന്ത് സുന്ദരമീ കാഴ്ചകൾ
കണ്ടാൽ കണ്ണ് നിറഞ്ഞു പോകും .....
മുമ്പത്തെ തലമുറയ്ക്ക് മാതൃകയാകുന്നു
ഇപ്പോൾ വളരുന്ന കൊച്ചു തലമുറ

-ഷാഹിനാ യു എസ്

# ആരായി തീരണമെന്ന മോഹം

ഒരു കാലത്തു , 10 വർഷങ്ങൾക്കു മുമ്പ്. ഒരു കുട്ടിയുണ്ടായിരുന്നു രാമു. അവന് എല്ലായ്പ്പോഴും അവന്റെ മനസാക്ഷിയോട് ചോദിക്കും, ഞാൻ ആരാവും? അങ്ങനെ മോഹിച്ചു മോഹിച്ചു ഒരു സ്ഥലത്തു പോയി. അവിടെ കുറെ കുഞ്ഞു മക്കളുണ്ടായിരുന്നു. കൊടിയപട്ടിണിയിൽ മുങ്ങി നിൽക്കുന്ന കുരുന്നു ജീവനുകൾ. രാമുവിന്റെ കുടുംബം വലുതാണ്. അത്യാവശ്യം അറിയപ്പെടുന്ന ഒരു കുടുംബം. അവൻ അതുകൊണ്ടു ആരുമായി സഹകരണവും ഇല്ലായിരുന്നു അങ്ങനെ അവൻ ആ കുരുന്നുകളെ കൂട്ടുകാരാക്കാൻ തീരുമാനിച്ചു. ഭദ്രൻ ,വാസു ഇവരായിരുന്നു ആ കുരുന്നുകൾ .അങ്ങനെ ഇവർ കൂട്ടുകാരായി രാമുവിന്റെവീട്ടുകാർക്കു ഇതൊന്നും ഇഷ്ടമല്ലായിരുന്നു.അവൻ അവരോട് അവന്റെ ആ മോഹം പറഞ്ഞു.പക്ഷെ ഭദ്രനും വാസുവിനും അതുമനസിലായയില്ല.അവർ ചോദിച്ചു നിന്റെ മോഹം നീ പറഞ്ഞില്ലല്ലോ. അപ്പോൾ രാമു പറഞ്ഞു അത് എനിക്കറിയില്ല . എനിക്കറിയില്ല ആരായിത്തീരണമെന്ന്. അങ്ങനെ ഉന്നത ബിരുദത്തിനായി രാമു മദ്രാസിൽ പോയി. അവിടെ മാസത്തിലൊരിക്കൽ മാത്രമേ വീട്ടിലേക്ക് വിളിക്കാൻ പറ്റു. ഭദ്രനും വാസുവിനും രാമു കത്തെഴുതും. രാമു തന്റെ മുതിർന്ന അധ്യാപകനായ വേണു മാഷിനെ മദ്രസ്സയിൽ വെച്ച് കണ്ടുമുട്ടി. അദ്ദേഹത്തിനോട് തന്റെ ആവശ്യം പറഞ്ഞു.രാമുവിന്റെ തലയിൽ കൈ വെച്ച് അദ്ദേഹം പറഞ്ഞു " രാമു ഞാൻ നിന്നോട് ഒന്നും തന്നെ പറയില്ല നീ അറിയപ്പെടുന്ന ആരായില്ലെങ്കിലും നല്ല ഒരു മനുഷ്യൻ ആകണം.വിശപ്പിൽ കഴിയുന്ന ആളുകൾക്ക് നീ ഒരു നേരത്തെ ഭക്ഷണം കൊടുക്കണം" ഈ വാക്കുകൾ കേട്ട രാമു അവന്റെ ചങ്ങാതിമാരെപ്പറ്റി ആലോചിച്ചു. അപ്പോൾത്തന്നെ അവനൊരു ശപദം എടുത്തു.ഞാൻ ഒരു ഡോക്ടർ ആയിതീരും ആളുകളെ പരിചരിച്ച അവരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കി അവരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കണം അങ്ങനെ രാമു ഒരു നല്ലഡോക്ടർ ആയി മാറി. രാമു അവന്റെ വരുമാനം കൊണ്ട് ഒരു പദ്ധതി തുടങ്ങി കരുണ. ആ പദ്ധതി വിശപ്പിന്റേതാണ്.വിശക്കുന്നവർക്ക് വയറുനിറയുന്നതുവരെ ഭക്ഷണം.അങ്ങനെ രാമു അവന്റെ മോഹം തിരിച്ചറിഞ്ഞു

ശ്വേത.എസ്.എൽ

# ലഹരി മുക്ത കേരളം സുന്ദര കേരളം

ലഹരി ഒരു ഭീകര വിപത്ത് ആണ്. ഇത് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതത്തെ തകർക്കുന്നു. ലഹരി ഉപയോഗം മൂലം പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇത് മാനസിക പ്രശ്നങ്ങൾ, ശാരീരിക വൈകല്യങ്ങൾ, മരണം എന്നിവയിലേക്ക് നയിച്ചേക്കാം.




ലഹരി ഉപയോഗം മൂലം സാമൂഹിക പ്രശ്നങ്ങളും ഉണ്ടാകുന്നു. കുടുംബാംഗങ്ങളിൽ തമ്മിലുള്ള അകൽച്ച, കുറ്റകൃത്യങ്ങൾ, അക്രമം എന്നിവയ്ക്ക് ലഹരി കാരണമാകുന്നു.

കേരളം ഒരു സുന്ദരമായ സംസ്ഥാനമാണ്. ഇവിടെ ജീവിക്കാൻ നല്ല ഒരു സ്ഥലമാണ്. ലഹരി ഇല്ലാത്ത കേരളം എത്ര സുന്ദരമാകുമെന്ന് നമുക്ക് ഊഹിക്കാം.

ലഹരി മുക്ത കേരളം സൃഷ്ടിക്കുന്നതിനായി നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ലഹരിയുടെ ദോഷങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് പ്രധാനമാണ്. ലഹരി ഉപയോഗിക്കുന്നവരെ പിന്തുണയ്ക്കേണ്ടതും പ്രധാനമാണ്.

ലഹരി മുക്ത കേരളം സൃഷ്ടിക്കുന്നതിനുള്ള ചില നടപടികൾ ഇതാ:

* ലഹരി ഉപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് പ്രധാനമാണ്. ഇതിനായി വിദ്യാഭ്യാസ പരിപാടികൾ, പ്രചാരണങ്ങൾ എന്നിവ നടത്താം.

* ലഹരി വിൽപ്പനയും ഉപയോഗവും തടയാൻ കർശനമായ നിയമങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

* ലഹരി ഉപയോഗിക്കുന്നവരെ

പിന്തുണയ്ക്കുന്നതിനുള്ള പരിപാടികൾ നടത്തേണ്ടതുണ്ട്.

ലഹരി മുക്ത കേരളം സൃഷ്ടിക്കുന്നതിന് നമ്മുടെയെല്ലാം പിന്തുണ ആവശ്യമാണ്. നമുക്കൊന്നിച്ച് പ്രവർത്തിച്ച് ഈ ലക്ഷ്യം നേടാം.

KARTHIK S
Std IX B

## THE WISE MOTHER

Once there lived a mother with three children. Their father was dead and the mother found it difficult to feed the family. But the mother was a very wise lady and she managed to run her family smoothly by working as a maid in a large house. The lady who lived in the large house complained that her husband did not give her enough money to take care of the house. 'I wonder how you are able to feed your children and keep them happy with the little money that you earn', she said.



One day the mother took her three children to the house where she worked. The lady of the house was pleased to see the three children. She gave them seven biscuits each and asked to eat it 'Children, if you eat all the biscuits now, there will be nothing left for the evening. So, eat three biscuits now and the four in the evening' said their mother.

But the children protested. 'Mother, only three now? But we love to eat biscuit Why can't we have some more?' they cried. 'OK, OK, then you can have four now and three in the evening'. The children were satisfied now, they ate only four and kept three for the evening.


'This is how you keep your family happy; you are poor but you are wise. I learnt a lesson from you, I shall try and be happy with what I have'.


# PRAVESHNOLSAVAM




# LITTLE KITES









# JRC AND
# SCOUT AND GUIDE









# SHASTROLSVAM




















# SPORTS

## Kollam district Sub junior softball champains MMHSS NILAMEL





LITTLE

KITES